അനുമതിപത്രങ്ങൾ നൽകിവരുന്നു. അപകടകാരികളായ പാഴ് വസ്തുക്കൾ കൈകാര്യം ചെയ്യുന്ന വ്യവസായശാലകൾക്ക് നിബന്ധനാ വിധേയമായ ആതറൈസേഷൻ നൽകുന്നു. നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പാക്കുന്നു. നിർദ്ദേശങ്ങൾ പാലിക്കാത്ത വ്യവസായശാലകൾ അടച്ചുപൂട്ടിക്കുകയോ അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിക്കവാറും എല്ലാ വൻകിട, ചെറുകിട വ്യവസായശാലകളിലും മലിനീകരണ സാദ്ധ്യതയുള്ള ചെറുകിട വ്യവസായശാലകളിലും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) മലിനീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കേണ്ട സ്ഥാപനങ്ങളിൽ മുഖ്യമായവ:-

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, തിരുവനന്തപുരം. (ജല മലിനീകരണം)
2. ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോഴിക്കോട് (ജല, വായു മലിനീകരണം)
3. എഫ്. എ. സി. റ്റി. കൊച്ചിൻ ഡിവിഷൻ (ജല മലിനീകരണം)
4. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡ്, എറണാകുളം (ജല, വായു മലിനീകരണം)
5. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ആന്റ് ഡിസ്റ്റിലറി, പാലക്കാട് (ജല മലിനീകരണം).

മെന്റൽ ഹെൽത്ത് അതോറിറ്റി

9(*294) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എ. കണാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ മാനസികരോഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് മാനസികരോഗികളെ സംബന്ധിച്ചുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സർവ്വേയിലെ നിഗമനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തെ മനോരോഗികളെ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(ജി) മനോരോഗികളെ പുനരുദ്ധരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി)

1. മാനസികാരോഗ്യസേവന ചികിൽസാരംഗത്ത് സർക്കാർ ഉടമസ്ഥതയിൽ ഉള്ളതും മറ്റ് ഏജൻസികളുടെ കീഴിലുള്ളതുമായ സ്ഥാപനങ്ങളുടെ നിയന്ത്രണം, വികസനം, ഏകോപനം, മെന്റൽ ഹെൽത്ത് ആക്ഷൻ പരിധിയിൽ വരുന്ന മറ്റ് മേഖലകളുടെ നിയന്ത്രണം.

2. മാനസികാരോഗ്യകേന്ദ്രങ്ങൾ, മാനസികരോഗ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മറ്റ് സന്നദ്ധ സ്വകാര്യ ഏജൻസികൾ എന്നിവയുടെ മേൽനോട്ടം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

3. ജനങ്ങളുടെ മാനസികാരോഗ്യപ്രശ്നങ്ങളെ സംബന്ധിക്കുന്ന എല്ലാ കാര്യത്തിലും സർക്കാരിനെ ഉപദേശിക്കുക.

4. മാനസികരോഗങ്ങൾക്ക് കാരണമായേക്കാവുന്ന ദൂഷിത ഘടകങ്ങളെ കണ്ടെത്തുകയും നിയന്ത്രിക്കുകയും ചെയ്യുക, അതുപോലെതന്നെ മാനസികാരോഗ്യത്തെ പരിപോഷിപ്പിച്ച് കൊണ്ടുള്ള ഒരു പ്രതിരോധ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക.

5. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി മാനസികാരോഗ്യതത്വങ്ങൾ പ്രായോഗികമാക്കുക.

6. മാനസികരോഗ സംബന്ധമായ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും വിലയിരുത്തുകയും, രോഗകാരണങ്ങളെക്കുറിച്ചുള്ള ഗവേഷണം, പുനരധിവാസം എന്നിവ നടത്തുകയും ചെയ്യുക തുടങ്ങിയവയാണ് പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. കൈവരിച്ച നേട്ടങ്ങൾ താഴെ പറയുന്നവയാണ്. മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലേയ്ക്കും രോഗികൾക്കായി വസ്ത്രങ്ങളും കട്ടിലുകളും കിടക്കകളും, ബെഡ്ഷീറ്റുകളും പാചകത്തിനായി അടപ്പോടുകൂടിയ പാത്രങ്ങളും മരുന്നുകളും ഡിസ്പോസിബിൾ സിറിഞ്ചുകളും നല്കിയിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിലേയ്ക്കായി 30 ഫാനുകൾ നൽകുകയും ഒരു ഇലക്ട്രീഷ്യനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ പുനരധിവാസത്തിനായി അഭയയുടെ സഹായത്തോടുകൂടി ഒരു ബുക്ക് ബൈന്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ഇ.സി.ജി. സൗകര്യം, ടെലിഫോൺ, ഇന്റർകോം സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു അഗ്രിഹോർട്ടിതെറാപ്പി യൂണിറ്റും ഒരു നഴ്സറി, സ്റ്റേഷനറി ഷോപ്പ് എന്നിവയും തൃശ്ശൂരിൽ പ്രവർത്തിച്ചുവരുന്നു. വാർഡുകളിലേയ്ക്കും, അടുക്കളയിലേക്കും വാട്ടർ അതോറിറ്റി മുഖാന്തിരം ജലവിതരണം നടത്തിവരുന്നു. വിവിധതരം വിനോദങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ മാനസികാരോഗ്യകേന്ദ്രങ്ങളിൽ പവർലോൺട്രി പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലും ഡൈനിംഗ് ഹാൾ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് പാചകത്തിനായുള്ള സാധനങ്ങൾ മാനസികാരോഗ്യകേന്ദ്രത്തിലേക്ക് വിതരണം ചെയ്യുന്നത്.

(ഡി) പഠനം നടത്തിയിട്ടുണ്ട്. ജസ്റ്റീസ് കൃഷ്ണമൂർത്തി കമ്മീഷൻ പഠന റിപ്പോർട്ടിലും ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ പഠന റിപ്പോർട്ടിലും മാനസികരോഗികളുടെ ചികിത്സ, പുനരധിവാസം, ഭൗതിക സൗകര്യങ്ങൾ, ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ എന്നിവയെ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. 72052 പേരുടെ ഇടയിൽ സർവേ നടത്തിയതിൽ 1000-ൽ 2 പേർക്ക് ഗുരുതരസ്വഭാവമുള്ള മനോരോഗം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗുരുതരസ്വഭാവമുള്ള രോഗികളിൽ 19.6 ശതമാനം പേർ മാത്രമാണ് ഗവൺമെന്റ് അലോപ്പതി ആശുപത്രികളിൽ ചികിൽസ തേടിയത്. 51.1 ശതമാനം പ്രൈവറ്റ് അലോപ്പതി സ്ഥാപനത്തിനും 17.1 ശതമാനം ആയുർവേദത്തിലും, 0.6 ശതമാനം പേർവീതം മന്ത്രവാദത്തിനും പ്രാർത്ഥനയ്ക്കും പോകുന്നതായും 9.7 ശതമാനം പേർ ഒരു ചികിൽസയും തേടുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് ഗുരുതരസ്വഭാവമുള്ള മാനസികരോഗങ്ങൾമൂലം മാനസികവൈകല്യം ബാധിച്ചിട്ടുള്ളവർക്കായുള്ള ഒരു പെൻഷൻ പദ്ധതി കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ജി) ഗുരുതരമാനസികരോഗം ബാധിച്ചിട്ടുള്ളവരുടെ പുനരധിവാസത്തിനായുള്ള പെൻഷൻ പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. പുനരധിവാസത്തിനുള്ള ഒരു പൈലറ്റ്പ്രോജക്ട് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിൽ മംഗലപുരം പ്രൈമറി ഹെൽത്ത് സെന്ററിൽ 'സാന്ത്വനം' എന്ന പേരിൽ നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly